കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നൂറ് സ്മാർട്ട് സിറ്റി പദ്ധതി

170 (1608) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നൂറ് സ്മാർട്ട് സിറ്റി പദ്ധതിയിൻ കീഴിൽ, കേരളത്തിന് ശിപാർശ ചെയ്തവ ഏതെല്ലാമാണ് ;

(ബി) സ്മാർട്ട് സിറ്റികളായി കേരളത്തിൽ നിന്നും പരിഗണിച്ചവ ഏതൊക്കെ ;

(സി) പ്രസ്തുത പദ്ധതിവഴി ഏതെല്ലാം സിറ്റികൾക്ക് എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ ;

(ഡി) എന്തെല്ലാം മാനദണ്ഡം അടിസ്ഥാനമാക്കിയാണ് പ്രസ്തുത സിറ്റികളെ ശിപാർശ ചെയ്തതെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച പ്രഖ്യാപനം നടത്തിയതല്ലാതെ അതുസംബന്ധിച്ച അന്തിമമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

നഗരകാര്യ വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ

171 (1609) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഭവനനിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഭവനനിർമ്മാണത്തിന് നഗരകാര്യ വകുപ്പു മുഖേന നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗക്കാർക്കുള്ള പദ്ധതികൾ ഏതെല്ലാമാണ് ; ഈ പദ്ധതിയുടെ ആനുകൂല്യം ആർക്കെല്ലാം ലഭിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, ജനകീയാസൂത്രണ പദ്ധതിയിലെ ഭവനപദ്ധതി, ആശ്രയ ഭവന നിർമ്മാണ പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളായ സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP), നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതി (BSUP), രാജീവ് ആവാസ് യോജന, (RAY) എന്നിവയിലെ ഭവന നിർമ്മാണ പദ്ധതികളുമാണ് നഗരകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നഗരസഭകളിൽ നടപ്പാക്കി വരുന്ന ഭവന പദ്ധതികൾ. ഇ.എം.എസ്. ഭവന പദ്ധതി 31-3-2012-ന് അവസാനിച്ചുവെങ്കിലും ടി കാലയളവിനുമുമ്പ് കരാർ വച്ച ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന ധനസഹായം നൽകിവരുന്നു. ഇതിനുപുറമേ ജനകീയാസൂത്രണ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭകൾ രൂപകൽപ്പന നടത്തുന്ന ഭവന നിർമ്മാണ പദ്ധതികളും ഉണ്ട്.

(ബി) നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതി (BSUP), സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP), രാജീവ് ആവാസ് യോജന, (RAY) എന്നിവയാണ് ഭവന നിർമ്മാണത്തിന് നഗരകാര്യ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ.

(സി) ഭവനപദ്ധതികളിലെല്ലാം തന്നെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക പ്രാതിനിധ്യം ഉറപ്പുവരുത്താറുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൻകീഴിൽ പട്ടികജാതി വിഭാഗക്കാർക്കുവേണ്ടി മാത്രമായി പ്രത്യേക ഫണ്ട് (സ്പെഷ്യൽ കംപോണന്റ് പ്ലാൻ) വകയിരുത്തി അതിൽനിന്നും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നഗരസഭകളിൽ നടപ്പാക്കി വരുന്ന ഭവന പദ്ധതികളും ടി വിഭാഗക്കാർക്ക് മാത്രമായുള്ളതാണ്.

നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

172 (1610) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) ആലപ്പുഴ നഗരസഭയുടെ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ?